**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **13-02-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന്റെ അധീനതയിൽ എവിടെയെല്ലാം ഭൂമി ഉണ്ടെന്ന് വില്ലേജും വിസ്തീർണ്ണവും തിരിച്ച് ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം എന്നീ മൂന്ന് തുറമുഖ പരിധികളിലായി മാരിടൈം ബോർഡിന് ഭൂമിയുണ്ട്. കാസർഗോഡ്, തളങ്കര, കളനാട്, ഹോസാബെട്ടു, പുത്തൂർ, ചെറുവത്തൂർ, നീലേശ്വരം, പടന്ന വില്ലേജുകളിലായാണ് ഭൂമിയുള്ളത്. ഭൂമിയുടെ സർവ്വേ നടത്തി അതിർത്തി മാർക്ക് ചെയ്യുന്ന നടപടികൾ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് മുഖേന ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തിയാക്കിയ ശേഷം മാത്രമേ ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തൃതി ഉൾപ്പെടെയുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു. |
| (ബി) | ഈ ഭൂമികളിൽ ഏതെല്ലാം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ തളങ്കര വില്ലേജിൽ കാസർഗോഡ് പോർട്ട് & ഷിപ്പിംഗ് ഓഫിസിന്റെ ഇരുനില കെട്ടിടമുണ്ട്. ടി കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പോർട്ട് ഓഫീസും മുകളിലത്തെ നിലയിൽ കാസർഗോഡ് ആർ ഡി ഒ ഓഫീസും പ്രവർത്തിക്കുന്നു. ഇതേ കോമ്പൗണ്ടിൽ ഒരു ഓഫീസർ ക്വാർട്ടേഴ്സ് കെട്ടിടവും (ഒരു നില) ഒരു സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടവും (2 നില) ഹാർബർ എൻജിനീയറിങ് ഓഫീസ് കെട്ടിടവും (3 നില ) ഉണ്ട്. |
| (സി) | കെട്ടിടങ്ങളോ മറ്റ് സ്ഥാപനങ്ങളോ ഇല്ലാതെ തുറമുഖ വകുപ്പിന്റെ വെറുതെ കിടക്കുന്ന ഭൂമികൾ ഏതൊക്കെയാണെന്ന് വില്ലേജും വിസ്തീർണ്ണവും തിരിച്ച് വ്യക്തമാക്കാമോ; | (സി) | ഇൻഡ്യൻ പോർട്ട് ആക്ട് 1908 പ്രകാരം കടലിനോട് ചേർന്ന, തുറമുഖ ഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ള, ഭൂമികൾ നിലവിൽ കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഇവ സർവ്വേ ചെയ്ത് അതിർത്തി നിർണയിച്ച് അതിരടയാളങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായ ശേഷം മാത്രമേ വില്ലേജുകൾ, ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തൃതി ഉൾപ്പെടെയുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു. |
| (ഡി) | ഈ ഭൂമി ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുവാൻ തുറമുഖ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | തുറമുഖ ഭൂമികളെല്ലാം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് വേണ്ടി പദ്ധതി രൂപരേഖ |

| | | | |
|---|---|---|---|
| | എങ്കിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | തയ്യാറാക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും ഒരു പ്രോജക്റ്റ് മാനേജ്മെൻറ് കൺസൾട്ടൻസി വിംഗ് രൂപീകരിക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിംഗ് രൂപീകരിക്കുന്ന മുറയ്ക്ക് മാത്രമേ തുറമുഖ ഭൂമികൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | മറ്റ് വകുപ്പുകളുടെ ഏതെങ്കിലും പദ്ധതികൾക്കായി ഈ ഭൂമി വിട്ടു കൊടുക്കുമോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ഭൂമി വിട്ടു കൊടുക്കാമെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ഇ) | ക്രിയാത്മകവും വികസനോന്മുഖവുമായ പ്രവൃത്തികൾക്കായി മറ്റ് വകുപ്പുകൾ കേരള മാരിടൈം ബോർഡിനെ സമീപിച്ചാൽ പരസ്പര ധാരണയിൽ കരാറിലേർപ്പെട്ട് പാട്ട വ്യവസ്ഥയിൽ ഭൂമി വിട്ടു നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ